# ഇടുക്കി ജില്ലാ പഞ്ചായത്ത്
**പിൻ കോഡ്- 685603**

**GSTIN:32AAALS8154R1DL ഫോൺ നമ്പർ : 0486-2232385**

**dptidk@gmail.com**


**നമ്പർ: 3928879-2025** **തീയതി : 13-08-2026**

## *നോട്ടീസ് ബോർഡ്/വെബ്സൈറ്റ്*

-

ഇടുക്കി ജില്ലാ പഞ്ചായത്ത് ഓഫീസിൽ നൈറ്റ് വാച്ച്മാൻ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിന് നിശ്ചിത യോഗ്യതയുള്ള ആരോഗ്യവന്മാരായ ഇടുക്കി ജില്ലക്കാരായ പുരുഷന്മാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

ഉദ്യോഗപ്പേര് – നൈറ്റ് വാച്ച്മാൻ

ഒഴിവുകളുടെ എണ്ണം – 1 (ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥികളും സ്ത്രീകളും ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല)

വേതനം - ദിവസ വേതനം 750/- രൂപ (പ്രതിമാസം പരമാവധി 20250/- രൂപ)

പ്രായപരിധി – 18-41 (മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തില്പ്പെട്ടവർ, വിമുക്തഭടന്മാർ എന്നിവർക്ക് കേരള പി.എസ്.സി അംഗീകരിച്ച നിയമാനുസൃത വയസ്സിളവ് ലഭിക്കുന്നതാണ്)

യോഗ്യത - ഏഴാം ക്ലാസ്സ് വിജയം

എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥിക്ക് ദിവസ വേതനാടിസ്ഥാനത്തിൽ പരമാവധി 179 ദിവസത്തേക്കാണ് നിയമനം നൽകുന്നത്.

താല്പ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വ്യക്തമായ മേൽവിലാസവും ഫോൺ നമ്പറും ഉൾപ്പെടുത്തി വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ പ്രായം, വിദ്യാഭ്യാസ യോഗ്യത, ജാതി (വയസ്സിളവ് ബാധകമെങ്കിൽ ബന്ധപ്പെട്ട് അധികാരികളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്) പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പ് സഹിതം 22.08.2026 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്, പൈനാവ് പി.ഒ, പിൻ-685603 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. വിശദ വിവരങ്ങൾ 04862-232385 എന്ന ഫോൺ നമ്പറിലും ജില്ലാ പഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ ***idukkidp.web.lsgkerala.gov.in*** ലും ലഭ്യമാണ്.

Signature Not Verified
Digitally signed by Sajeev P K
Date: 2026.08.13 11:18:46 IST
Reason: KSMART